# പെൺവിനിമയങ്ങളിലെ അധികാരരൂപങ്ങൾ

## സാവിത്രി രാജീവന്റെ കവിതകളെ മുൻനിർത്തി ഒരു പഠനം

വിധേയത്വത്തിന്റെ സ്ത്രൈണലാവണ്യമുദ്രകളിൽനിന്ന് മലയാള കവിത വേർപെടുന്നത് സ്വാതന്ത്ര്യസമരത്തെത്തുടർന്നാണ്. സ്ത്രീപക്ഷകവിതകളുടെ തുടക്കം ബാലാമണിയമ്മയുടെ കവിതകളോടുകൂടിയാണ്. മകൾ, ഭാര്യ, അമ്മ എന്നിങ്ങനെയുള്ള ജീവിതാവസ്ഥകളിലൂടെ വിഭാഗീകരിച്ച് നഷ്ടപ്പെടുന്ന തന്റെ ജീവിതത്തെക്കുറിച്ച് ബോധവതിയാകുന്ന സ്ത്രീയെയാണ് ബാലാമണിയമ്മയുടെ കവിതകളിൽ കാണാൻകഴിയുന്നത്. ഗാർഹികവൃത്തികളിൽനിന്ന് പിന്തിരിഞ്ഞുകൊണ്ടല്ല, സൃഷ്ടിയുടെ അധികാരത്തെ നിലനിർത്തിക്കൊണ്ട്, മാതൃത്വത്തെ കർതൃസ്ഥാനത്തേക്ക് ഉയർത്തുന്നു എന്നുള്ളതാണ് ബാലാമണിയമ്മയുടെ കവിതകളുടെ പ്രത്യേകത. കുടുംബത്തിന്റെ കർമ്മവിപാകങ്ങളിൽപെട്ടുഴലുന്ന സ്ത്രീകളെയാണ് ബാലാമണിയമ്മയുടെ കവിതകളിൽ കാണാൻ കഴിയുന്നതെങ്കിൽ 'വിജയലക്ഷ്മി' സ്ത്രീപക്ഷത്തുനിന്നുകൊണ്ട് അധീശത്വത്തിന് കീഴടങ്ങിനിൽക്കുന്ന കീഴാളവർഗ്ഗത്തെ ഒട്ടാകെ കവിതയുടെ ഭാഗമാക്കി മാറ്റുന്നു.

'നടക്കെന്നു കയർപ്പോനേ,
നയിക്കാൻ പിന്നിൽ നില്പോനേ,
മരിച്ചാണീ നടപ്പും: ഞാൻ
മടുത്താലെന്തു ചെയ്യേണ്ടൂ?' (കാള)

തച്ചന്റെ മകനെന്ന ദുരന്തയാഥാർത്ഥ്യത്തെ നിലനിർത്തിക്കൊണ്ട് വിജയലക്ഷ്മി സൃഷ്ടിച്ചെടുത്ത തച്ചന്റെ മകളെന്ന

കവിത പുരുഷകേന്ദ്രീകൃത സമൂഹത്തിലേക്ക് ഒരു പെൺവഴി വെട്ടിയെടുക്കുന്നുണ്ട്.

'വായകീറിയ ദൈവം പ്രജയ്ക്കിര-
യേകുമെന്ന് മുത്തച്ഛനേ ചൊല്ലിപോൽ
പോക ഞാനിന്നുളിപ്പെട്ടിയും മുഴ-
ക്കോലുമായ്– വീതുളിയ്ക്കിരയായിടാ' (തച്ചന്റെ മകൾ)

അധികാരത്തിന്റെ വീതുളിമൂർച്ചയെ പ്രതിരോധിച്ചുകൊണ്ട് കവിത ഇങ്ങനെ സ്ഥൈര്യത്തിന്റെ നടപ്പാതയൊരുക്കുന്നു. ചൂഷകന്റെ അല്ല മറിച്ച്, വേട്ടയാടപ്പെടുന്ന ഇരയുടെ സാമൂഹ്യജീവിത്തിൽ നിന്ന് കവിതയുടെ ഉടലും ഉയിരും ഉൾക്കൊള്ളുന്നു എന്നതാണ് വിജയലക്ഷ്മിയെ സുഗതകുമാരിയുടെ കവിതകളോട് അടുപ്പിക്കുന്നത്. പെണ്ണിനുവേണ്ടി സമൂഹം എഴുതിവെച്ചിട്ടുള്ള യാഥാസ്ഥിതിക വഴക്കങ്ങളെ പിന്തള്ളി, പെണ്ണിന്റെ സ്വത്വത്തിലൂന്നിക്കൊണ്ട് അവളുടെ നിലപാടുകളിലേക്കുയരാൻ സുഗതകുമാരിക്ക് കഴിഞ്ഞിട്ടുണ്ട്. സുഗതകുമാരിയുടെ കവിതയുടെ സംവേദനതലത്തെ ശക്തിപ്പെടുത്തുന്നത് സമൂഹത്തിൽനിന്ന് തിരസ്കൃതരാകുന്ന ജനതയുടെ ജീവിതാനുഭവങ്ങളുടെ തീക്ഷ്ണതയാണ്.

'കരിഞ്ഞ വാർമുടിയഴിഞ്ഞ് പാറിയും
മിഴികളിൽ കണ്ണീർ, വിഴിഞ്ഞും
പച്ചപ്പട്ടുടയാട കീറി
പ്പറിഞ്ഞും ക്രുദ്ധയായ് വിവശയായ് വന്നു
ണ്ടൊരുവൾ നിൽക്കുന്നു' (വിധി-ദേവദാസി)

അധികാരത്തിന്റെ നാൾവഴികളിൽനിന്ന് പെണ്ണിന്റെ അനുഭവലോകത്തെ വേർപെടുത്തി പുതിയ കാഴ്ചയും ചിന്തയും നിർമ്മിക്കുക എന്നതാണ് സുഗതകുമാരിയെപ്പോലെ സാവിത്രി രാജീവന്റെ കവിതകളെയും ജനകീയമാക്കുന്നത്. നിലവിലുള്ള പുരുഷാധിപത്യ സമൂഹത്തിന്റെ കീഴ്‌വഴക്കങ്ങളെ നിഷേധിച്ചുകൊണ്ട് പെണ്ണിന്റെ ജീവിത നൈരന്തര്യങ്ങളെ ഒരു പുത്തൻ ലാവണ്യശാസ്ത്രത്തിലേയ്ക്ക് പകർത്തുകയാണ് സാവിത്രി രാജീവൻ.

'അടുക്കളയിലെ
തേഞ്ഞുതീരുന്ന വീട്ടുപകരണമാണു ഞാൻ
ശ്വസിക്കുന്നതിനാൽ നടക്കുകയും
നടക്കുന്നതിനാൽ കിടക്കുകയും ചെയ്യുന്ന

പാചകങ്ങൾക്കൊപ്പം വാചകങ്ങൾ വിളമ്പുന്ന
സങ്കീർണ്ണത ഒട്ടുമില്ലാത്ത ഒരുപകരണം.' (പ്രതിഷ്ഠ)

അധികാരം ഉയിരും വീര്യവും ഊറ്റിയെടുത്ത് ഒരു വീട്ടുപകരണ മായി സ്ത്രീ വസ്തുവൽക്കരിക്കപ്പെടുന്നതിന്റെ തിരിച്ചറിവാണ് 'പ്രതിഷ്ഠ' എന്ന കവിത. അധികാരത്തിന്റെ പുരുഷ വിനിമയങ്ങളെ ഭാഷയിലൂടെ ഊട്ടിയുറപ്പിക്കാൻ ശ്രമിക്കുന്ന സമൂഹത്തിന്റെ ചിന്താപരിച്ഛേദമാണ് സാവിത്രി രാജീവന്റെ 'ഉൽപത്തി' എന്ന കവിത. ലിംഗകേന്ദ്രീ കൃതമായ അധികാരവ്യവസ്ഥയിൽ സ്ത്രീയും പ്രകൃതിയും ഉപഭോഗവസ്തു വായി മാത്രം അടയാളപ്പെടുത്തുന്ന സമൂഹത്തെയാണ് 'ദേഹാന്തരം' എന്ന കവിതയിൽ കാണാൻ കഴിയുന്നത്. കവിതയിലെ 'ഉടൽ' എന്ന പ്രയോഗം കാലങ്ങളായി വൈദേശിക സമൂഹത്തിന്റെ ചൂഷണത്തി ന്റെ വടുക്കൾ പേറുന്ന സമൂഹത്തെ ഒന്നാകെ ഉൾക്കൊള്ളുന്നു.

ഇനിയും കണ്ടെത്തിയിട്ടില്ലാത്ത
ഏതു ഭൂഖണ്ഡമാണ്
എന്റെ ഉടൽ ?
ഈ ഉടൽ ? (ദേഹാന്തരം)

ഇങ്ങനെ സാമ്രാജ്യത്വശക്തികളുടെ വാണിജ്യക്കണ്ണുകൾ അടയാള പ്പെടുത്തിയ മൂന്നാം ലോകത്തിന്റെ ഉടൽ എന്ന വിശാല അർത്ഥത്തി ലേക്ക് ഈ പ്രയോഗം കടന്നുചെല്ലുന്നു. സമാനചിന്തയോടെ സ്ത്രൈണ സ്വത്വത്തെ നിലനിർത്തിക്കൊണ്ട്, അധീശത്വത്തിന് കീഴടങ്ങിയ ബാഹ്യലോകത്തിന്റെ പിൻവഴികളിലേക്ക് ഇറങ്ങുന്ന സാവിത്രി രാജീവന്റെ കവിതകളാണ് 'പൊരുൾ', 'ഞാൻ', 'നിസ്വം', 'ചോദ്യം' തുടങ്ങിയവ. നൂറ്റാണ്ടുകളായി സ്ത്രീയുടെ കാഴ്ചയെ, ചിന്തയെ നിയ ന്ത്രിക്കുന്ന അധികാരത്തിന്റെ ആൾരൂപങ്ങളെ അന്വേഷിക്കുന്ന കവിതയാണ് പൊരുൾ.

'എന്റെ
അധികാരി ആരാണ്?'
നോക്കിന്റെ അധികാരിയും
വാക്കിന്റെ അധികാരിയും ആരാണ്?' (പൊരുൾ)

എഴുത്തിലും ജീവിതത്തിലും പിന്തുടർന്ന പുരുഷാധിപത്യ മനോഭാ വങ്ങളോടുള്ള തുറന്നസംവാദമാണ് പെൺ കവിത: നിരൂപക-കവി സംവാദം

'അടുക്കളവിട്ടിറങ്ങിയാൽ
അവൾ നേരെ ഉടലിനകത്തേക്ക് കയറും
ഉടൽ വിട്ടിറങ്ങിയാലോ നേരേ അടുക്കളയ്ക്കകത്തേക്കും
ഒരേ വട്ടത്തിൽ അവളുടെ കറക്കം!'
(പെൺകവിത: നിരൂപക-കവി സംവാദം)

ഇങ്ങനെ വ്യവസ്ഥിതിയുടെ കാഴ്ചവട്ടത്തിൽ അധികാരത്തിന്റെ ചക്കിന് ചുറ്റും ഇപ്പോഴും കറങ്ങിക്കൊണ്ടിരിക്കുന്ന സ്ത്രീകളെയാണ് വീട് എന്ന കവിതയിൽ നമുക്ക് കാണാൻ കഴിയുന്നത്.

'വീടു വിട്ട് പതിനാറു കാതം നടന്നതേയുള്ളൂ
തിരിഞ്ഞുനോക്കുമ്പോൾ
വീടുണ്ട്
എട്ടുകാതം പിന്നിലായി എന്റെ കൂടെ
അടുത്ത കുതിപ്പിന്
അതെത്തി കൈനീട്ടിയതും
എന്നെ അടുക്കളയ്ക്കകത്താക്കി
വാതിൽ ചാരി
ചായയായി, കാപ്പിയായി,
വീണ്ടും സംസാരമായി' (വീട്)

ഇവിടെ നിലനില്പിന് ആധാരമായ ഇരിപ്പിടം എന്ന ഭൗതികമായ കാഴ്ചപ്പാടിനപ്പുറം വീട് എന്നത് സ്ത്രീസ്വാതന്ത്ര്യത്തെ നിഷേധിക്കുന്ന അധികാരരൂപമായി മാറുന്നു. ഇങ്ങനെ ഭാഷാഘടനയിലും സമൂഹത്തിനകത്തും നിലനിൽക്കുന്ന സാമൂഹികവിനിമയങ്ങളിലെ അധികാരത്തിന്റെ പൂർവ്വരൂപങ്ങളെ അടയാളപ്പെടുത്തുന്നതോടൊപ്പം സ്ത്രീയെ അധഃസ്ഥിത വിഭാഗത്തിന്റെ എതിർസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നു എന്നുള്ളതാണ് സാവിത്രി രാജീവിന്റെ ആരണ്യകാണ്ഡം എന്ന കവിതയെ വ്യത്യസ്തമാക്കുന്നത്.

'ദാരിദ്ര്യരേഖയ്ക്കു താഴെനിന്ന്
ജനകന് സീതയെക്കിട്ടി
തിന്നാനും തീറ്റാനുമാകാതെ
കളയാനും വളർത്താനുമാകാതെ
ജനകൻ' (ആരണ്യകാണ്ഡം)

നൂറ്റാണ്ടുകൾ പിന്നിട്ട സവർണ്ണമേധാവിത്വം സമൂഹത്തിന്റെ കീഴേയ്ക്ക് തള്ളിയ ജീവിതങ്ങളുടെ പച്ചയായ ആവിഷ്കരണമാണ്

ആരണ്യകാണ്ഡം. തിന്നാനും ഉടുക്കാനുമില്ലാത്ത സീതയും, വീര്യം നഷ്ടപ്പെട്ട രാമനും നിലവിലുള്ള സാമൂഹ്യവ്യവസ്ഥിതിയുടെ അവശേഷിപ്പുകളായി ഇന്നും തുടരുന്നു. ഇങ്ങനെ ബാഹ്യലോകത്തിന്റെ സ്വേച്ഛാപരമായ ഇടപെടലുകൾ പരിമിതപ്പെടുത്തിയ വിധേയരുടെ ലോകമാണ് 'ഇവിടെ' എന്ന കവിതയിലും വിഷയമായിട്ടുള്ളത്.

എങ്കിലും ഇവിടെ ആരാണുള്ളത്?
ഇവിടെ
കൊട്ടിയടയ്ക്കപ്പെട്ട കാതുകളും
വാക്കുകൾ നഷ്ടപ്പെട്ട നാവുകളും
തിമിരം ബാധിച്ച കണ്ണുകളും
എന്താണ് പ്രതീക്ഷിക്കുന്നത് (ഇവിടെ)

ഇപ്രകാരം സ്ത്രീയുടെ അനുഭവലോകത്ത് നിന്നുകൊണ്ട് മനുഷ്യാനുഭവങ്ങളിലെ സാമൂഹ്യനീതിയുടെ വേർതിരിവുകളെ പകർത്തുകയാണ് സാവിത്രി രാജീവൻ തന്റെ കവിതകളിലൂടെ ചെയ്യുന്നത്. അതോടൊപ്പം സ്ത്രീ ജീവിതത്തിന്റെ ബൗദ്ധികവും സാംസ്കാരികവുമായ സ്ഥാനചലനങ്ങളിൽ മനസ്സുറപ്പിച്ച് തന്റെ കവിതകളിലൂടെ പുരുഷാധികാരത്തിന്റെ കാൽച്ചുവടുകളിലെ സ്ത്രൈണമാതൃകകളെ പുനർനിർമ്മിക്കുന്നു.

ഈ ചരിഞ്ഞ ഭൂമിയിൽ
എല്ലാം ചരിഞ്ഞിരിക്കുമ്പോൾ
എന്തിനാണ്?
ഞാൻ മാത്രം നേരെ ഇരിക്കുന്നത്? (ചരിവ്)

ഇത്തരത്തിൽ പെണ്ണനുഭവങ്ങളുടെ ചുവടുപിടിച്ചുകൊണ്ട് സാവിത്രി രാജീവന്റെ കവിത, സ്വത്വബോധം നഷ്ടപ്പെടുത്തിയ ജനതയ്ക്കുവേണ്ടി നിലനിൽക്കുന്നു. അവരുടെ ചിന്തയും മനസ്സും കവിതയുടെ ഭാഷയായി മാറുന്നു.

'എനിക്ക് പറയേണ്ടത്
ബധിരന്റെ
കേൾവിപ്പെടാത്ത ഭാഷയാണ്
ഞാൻ തിരയുന്നത്
മൂകന്റെ
പറയപ്പെടാത്ത ഭാഷയാണ്
എന്റെ ഭാഷയാണ്' (നിഷ്പത്തി)

ഇങ്ങനെ സഹനത്തിന്റെ ഉൾക്കനങ്ങളെ ആവിഷ്കരിച്ച് സാവിത്രി രാജീവന്റെ കവിത വിമോചനത്തിന്റെ നാൾവഴികളിലേക്ക് കടക്കുന്നു.

സൗമ്യ സി.എസ്.
ഗവേഷക വിദ്യാർത്ഥിനി
ശ്രീ കേരളവർമ്മ കോളേജ്
തൃശ്ശൂർ